**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3506** **14-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല പരീക്ഷകളുടെ ചോദ്യകടലാസ് തയ്യാറാക്കുന്നതിലെ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളിലെ പരീക്ഷകൾക്ക് ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **കണ്ണൂർ സർവ്വകലാശാലയിൽ ചോദ്യക്കടലാസുകളിൽ സിലബസിനു പുറത്ത് നിന്നുള്ള ചോദ്യങ്ങൾ ഉൾപ്പെടുക, കണ്ണൂർ, കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ ചോദ്യപേപ്പറുകളുടെ ആവർത്തനം തുടങ്ങിയ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.** |
| (ബി) | മുൻ വർഷങ്ങളിലെ ചോദ്യങ്ങൾ അതേപടി ആവർത്തിക്കുന്നതിനെ തുടർന്ന് പരീക്ഷകൾ മാറ്റിവെയ്ക്കേണ്ടതായി വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **കണ്ണൂർ സർവ്വകലാശാല**യുടെ അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി (2019 സിലബസ്-നവംബർ 2021 സെഷൻ) പരീക്ഷയുടെ 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES, 3C03PSY : NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പ്രസ്തുത കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്.<br><br>**കേരള സർവ്വകലാശാല** 2022 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ ബിഎ (CBCSS & CR) English പരീക്ഷയിലെ Methodology and Perspectives of Humanitites എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ ആവർത്തിക്കുകയും, പ്രസ്തുത പരീക്ഷ ഉടൻ തന്നെ cancel ചെയ്യുകയും പുന: പരീക്ഷ വേഗത്തിൽ നടത്തുകയും ചെയ്തു.<br><br>**കാലിക്കറ്റ് സർവ്വകലാശാല** 2021 ഏപ്രിൽ മാസം നടത്തിയ ബി.എ./ ബി.എസ്.സി. സെക്കന്റ് സെമസ്റ്റർ കോമൺ കോഴ്സ്-ഇംഗ്ലീഷ് ENG2-A03-WRITING FOR ACADEMIC AND PROFESSIONAL SUCCESS പേപ്പറിന് മുൻ |

| | | | |
|---|---|---|---|
| | | | വർഷത്തെ ചോദ്യപേപ്പർ ആവർത്തിക്കുകയും പുന: പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ അലംഭാവം കാട്ടുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ ചോദ്യ കർത്താക്കളുടെ ഭാഗത്ത് കാര്യക്ഷമതയില്ലായ്മ, പെരുമാറ്റദൂഷ്യം, ക്രമക്കേട്, സർവ്വകലാശാല നിർദ്ദേശങ്ങളുടെ ലംഘനം മുതലായവ കണ്ടെത്തിയാൽ സ്ഥിരമായോ നിശ്ചിത കാലത്തേക്കോ അയോഗ്യരാക്കുക, പിഴ ചുമത്തുക, പ്രസ്തുത ചുമതലയിൽ നിന്ന് നീക്കം ചെയ്യുക തുടങ്ങിയ നടപടികൾ സർവ്വകലാശാലകൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ